**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **27-01-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിനു കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിശദാംശം നൽകുമോ; | (എ) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി സിവിൽ സ്റ്റേഷനിലുള്ളിലെ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ നിലവിലുള്ള പബ്ലിക് ഹെൽത്ത് ലാബ് കെട്ടിടത്തിന് മുൻവശത്തുള്ള 8 സെന്റ് ഭൂമി ജില്ലാ കളക്ടർ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിക്കുകയും, പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. ലാബിന്റെ നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മലപ്പുറം താലൂക്ക് ആശുപത്രിക്കു സമീപം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനു സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ